പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.311 | 11.11.2019 ൽ മറുപടിയ്ക്ക്

രണ്ടാംവിള നെല്ലുസംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പ്രതിസന്ധികളാണ് നെൽ കർഷകരെ ഏറ്റവും ഗുരുതരമായി ബാധിക്കുന്നത്. ഇതിനു പുറമേ ഗുണമേന്മയുള്ള നെൽ വിത്ത് യഥാസമയം ലഭിക്കുന്നതിനുള്ള തടസ്സം, നെൽ കൃഷി മേഖലയിലെ പ്രവർത്തനങ്ങളിൽ പ്രാവീണ്യമുള്ള തൊഴിലാളികളുടെ ലഭ്യത കുറവ്, വെള്ളക്കെട്ടുള്ള പാടങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന യന്ത്രങ്ങളുടെ അഭാവം, കൃത്യമായ സമയങ്ങളിൽ നെല്ല് സംഭരണം നടക്കാതിരിക്കൽ, നെല്ലിന്റെ മൂല്യവർദ്ധനവിനുള്ള സാധ്യത കുറവ് തുടങ്ങിയ പ്രശ്നങ്ങളും കർഷകർ അഭിമുഖീകരിക്കുന്നു.<br>വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രളയം പോലുള്ള സാഹചര്യത്തിൽ പൂർണ്ണ നഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് തുക പൂർണ്ണമായും കർഷകന് ലഭിക്കും. പ്രകൃതി ക്ഷോഭം കൊണ്ടുള്ള കൃഷി നാശത്തിന് ഇൻഷ്വറൻസ് ചെയ്ത വിളകളാണെങ്കിൽ നെല്ലിന് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35,000 രൂപയും നഷ്ടപരിഹാരമായി നൽകി വരുന്നു. കീട രോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും കീട രോഗ ആക്രമണം ഉണ്ടായാൽ നഷ്ട പരിഹാര തുകയ്ക്ക് അർഹതയുണ്ട്. നെൽ കൃഷിക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി അനുസരിച്ച് നഷ്ട പരിഹാരം കണക്കാക്കുമ്പോൾ 50% ലധികം നാശനഷ്ടം ഉണ്ടായാൽ ആയത് പൂർണ്ണ നാശനഷ്ടമായി കണക്കാക്കി നഷ്ട പരിഹാരം (01.04.18 മുതൽ മുൻകാല പ്രാബല്യത്തോടെ) ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | രണ്ടാംവിള നെല്ലസംഭരണത്തിനു മുന്നോടിയായി നെല്ലിന്റെ കൈകാര്യച്ചെലവു വർദ്ധനപോലുള്ള വിഷയങ്ങളിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | നെല്ല് സംഭരണ സംസ്കരണ ചെലവിനത്തിൽ തുക നിശ്ചയിച്ച് നൽകുന്നത് കേന്ദ്ര സർക്കാരാണ്. നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക കൈകാര്യ ചെലവ് ഇനത്തിലുള്ള തുകയുടെ വർദ്ധനവിന് പര്യാപ്തമല്ലാത്തതിനാൽ കർഷകർക്കുള്ള സഹായമായി സംഭരണ വിലയിൽ ഈ സീസൺ മുതൽ സംസ്ഥാന സർക്കാർ ക്വിന്റലിന് 100 രൂപ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (സി) | പ്രളയംപോലെയുള്ള സാഹചര്യങ്ങളിൽ നഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് തുക പൂർണ്ണമായും ലഭിക്കുന്ന സാഹചര്യമൊരുക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; വ്യക്തമാക്കാമോ; | (സി) | വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രളയം പോലുള്ള സാഹചര്യത്തിൽ പൂർണ്ണ നഷ്ടം സംഭവിച്ചാൽ ഇൻഷ്വറൻസ് തുക പൂർണ്ണമായും കർഷകന് ലഭിക്കും. പ്രകൃതി ക്ഷോഭം കൊണ്ടുള്ള കൃഷി നാശത്തിന് ഇൻഷ്വറൻസ് ചെയ്ത വിളകളാണെങ്കിൽ നെല്ലിന് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35,000 രൂപയും നഷ്ടപരിഹാരമായി നൽകി വരുന്നു. |
| (ഡി) | നെല്ലസംഭരണം വൈകുന്നതും കനത്ത മഴയും കർഷകർക്ക് തിരിച്ചടിയാകുന്ന സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ, മില്ലുടമകൾ എന്നിവരുമായി ചർച്ച നടത്തി നെല്ലസംഭരണത്തിൽ ധാരണയിലെത്താൻ സർക്കാർ എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു എന്ന് വിശദീകരിക്കാമോ? | (ഡി) | നിലവിൽ സംഭരണം നടക്കുന്ന സീസണിലെ തുടക്കത്തിൽ മില്ലുകാരുടെ നിസ്സഹകരണം മൂലം നെല്ല് സംഭരണം മന്ദഗതിയിലായ സാഹചര്യം ഉണ്ടാകുകയും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിരുന്നു. സംസ്കരണ ചെലവിനത്തിലുള്ള വർദ്ധനവ് അടക്കമുള്ള കാര്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് മില്ലുകാർ സംഭരണത്തിൽ നിന്ന് വിട്ടുനിന്നത്. എന്നാൽ ഈ സമയത്തും പൊതു മേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന മില്ലുകളെയും സപ്ലൈകോയുമായി സഹകരിക്കാൻ തയ്യാറായിരുന്ന സ്വകാര്യ മില്ലുകളെയും ഉൾപ്പെടുത്തി നെല്ല് സംഭരണ പ്രക്രിയ ആരംഭിച്ചിരുന്നു. ഈ വിഷയത്തിൽ മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും മില്ലുകാരുമായി ചർച്ചകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരണത്തിനായി കരാർ ഒപ്പിടുന്നതിന് മില്ലുകാർ തയ്യാറാവുകയും ചെയ്തു. നിലവിൽ പരാതിരഹിതമായി നെല്ല് സംഭരണം പുരോഗമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ